Janayugom 22-10-18, P-10

# കേരളത്തിന്റെ സസ്യസമ്പത്തിലേക്ക് പുതിയൊരു ഓർക്കിഡ് കൂടി

കൽപറ്റ: കേരളത്തിന്റെ സസ്യസമ്പത്തിലേക്ക് പുതിയൊരു ഓർക്കിഡ് ഇനംകൂടി കണ്ടെത്തി. പശ്ചിമഘട്ട മലനിരകളിലെ സസ്യനിരീക്ഷണത്തിലാണ് ഓർക്കിഡ് കുടുംബത്തിലേക്ക് പുതിയ ഇനം സസ്യത്തെ കണ്ടെത്തിയത്. ശാസ്ത്രലോകത്ത് ലിപ്പാരിസ് ചാങ്ങ്ഗി (Liparis tschangii) എന്ന പേരിലറിയപ്പെടുന്ന ഈ സസ്യം ഇന്ത്യയിൽ തന്നെ എവിടെയെങ്കിലും ഉള്ളതായി ഇതുവരെ ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ല. സസ്യശാസ്ത്രക്കാർക്കിടയിൽ പ്രധാന സ്ഥാനമാണ് ഈ കുഞ്ഞൻ ചെടിക്ക്. ചൈന, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ മാത്രം കണ്ടെത്തിയിരുന്ന സസ്യമാണ് ഇപ്പോൾ വയനാടൻ മലനിരകളിൽ വേരാഴ്ത്തിയിരിക്കുന്നത്. നിലത്ത് പറ്റി വളരുന്ന ഇതിന് ഹൃദയാകാരത്തോടു കൂടിയ രണ്ട് ഇലകളും വെളുപ്പ് നിറത്തോട് കൂടിയ ചെറിയ കിഴങ്ങും പച്ച നിറത്തോട് കൂടിയ മനോഹരങ്ങളായ ധാരാളം പൂക്കളും ഉണ്ടാവും.



പശ്ചിമഘട്ട മലനിരകളിൽ നിന്ന് കണ്ടെത്തിയ പുതിയ ഇനം ഓർക്കിഡ്

ലിപ്പാരിസ് ചാങ്ങ്ഗിയെക്കുറിച്ചുള്ള പഠന റിപ്പോർട്ട് ഇന്ത്യൻ ഫോറസ്റ്റർ എന്ന ശാസ്ത്ര ജേണലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണ മേഖലയിൽ നിരീക്ഷണങ്ങൾ നടത്തി കൊണ്ടിരിക്കുന്ന കൽപറ്റ പുത്തൂർവയൽ സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനിലെ സലിം പിച്ചൻ, ജയേഷ് പി ജോസഫ്, എം ജിതിൻ, ആലപ്പുഴ എസ് ഡി കോളജിലെ ജോസ് മാത്യു, സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റർ ആയിരുന്ന പി ധനേഷ് കുമാർ തുടങ്ങിയവരാണ് കണ്ടെത്തലിനു പിറകിൽ. ഇന്ത്യയിൽ ആദ്യമായാണ് ലിപ്പാരിസ് ചാങ്ങ്ഗി കണ്ടെത്തുന്നതെന്നും അത് വയനാടൻ വനങ്ങളിൽ നിന്നാണെന്നതിന് പ്രത്യേകതകൾ ഏറെയാണെന്നും എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ സീനിയർ ടെക്നിക്കൽ സ്റ്റാഫ് സലിം പിച്ചൻ പറഞ്ഞു.

കേരളത്തിൽ ഏറ്റവും കൂടുതൽ പുതിയയിനം ഓർക്കിഡുകൾ കണ്ടെത്തിയത് വയനാട്ടിൽ നിന്നാണ്. 184ലധികം വ്യത്യസ്തങ്ങളായ ഓർക്കിഡ് വിഭാഗങ്ങളെ ഇതിനകം പശ്ചിമഘട്ട മലനിരകകളിൽ നിന്ന് കണ്ടെത്തിക്കഴിഞ്ഞു.